**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2252** **17.02.2016-ൽ മറുപടിയ്ക്ക്**

# കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള ഭവനനിർമ്മാണം

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടെന്നും, ഇതിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും, ഇനിയും എത്ര പേർക്ക് തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ? | എ) | സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി പ്രഖ്യാപനത്തിനു ശേഷം കാസർഗോഡ് ജില്ലയിൽ ജനറൽ ഹൗസിംഗിൽപ്പെടുത്തി 221 വീടുകളും, അഡീഷണൽ ട്രൈബൽ സബ്പ്ലാൻ (എ.ടി.എസ്.പി) പദ്ധതിയിൽപ്പെടുത്തി 1085 വീടുകളും ഹഡ്കോ വായ്പ ഉപയോഗിച്ചുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം 100 വീടുകളും അനുവദിച്ച് നൽകിയിട്ടുണ്ട്. അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| പദ്ധതി | അനുവദിച്ച തുക | വിതരണം ചെയ്ത തുക |
|---|---|---|
| ജനറൽ ഹൗസിംഗ് (40 വീടുകളുടെ റിപ്പയറിംഗ് ഉൾപ്പെടെ) | 3,80,00,000/- രൂപ | 3,80,00,000/- രൂപ |
| എ.ടി.എസ്.പി | 11,72,12,500/- രൂപ | 11,72,12,500/- രൂപ |
| ഹഡ്കോ ഭവന നിർമ്മാണം | 2,50,00,000/- രൂപ | 2,50,00,000/- രൂപ |

ഓരോ പദ്ധതിയിലും അനുവദിച്ച വീടുകളുടെ

നിർമ്മാണ പുരോഗതിയനുസരിച്ച് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ നൽകുന്ന സ്റ്റേജ് സർട്ടിഫിക്കറ്റ് പ്രകാരമാണ് ബന്ധപ്പെട്ട ഗഡു തുക അനുവദിച്ച് നൽകി വരുന്നത്. സ്റ്റേജ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിൽ വിവിധ പദ്ധതികളിലായി ആകെ 165 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നൽകുവാനുണ്ട്. ഇവർക്ക് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിവിധ ഭവന പദ്ധതികളിലായി ഇനിയും തുക അനുവദിയ്ക്കാനുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ജനറൽ ഹൗസിംഗ് | 20 |
| എ.ടി.എസ്.പി | 145 |
| **ആകെ** | **165** |

സെക്ഷൻ ഓഫീസർ